**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 908** **02-02-2026 - ൽ മറുപടിയ്ക്ക്**

**ധനസഹായം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കുഴപ്പിള്ളി പഞ്ചായത്തിൽ അയ്യമ്പിള്ളി ചെറുവൈപ്പ് ചിരട്ടാൻ വീട്ടിൽ രമേശൻ ഭാര്യ ഷൈലയ്ക്ക് ഏകവരുമാന ദായകനായ ടിയാളുടെ ഭർത്താവിന്റെ മരണത്തെത്തുടർന്ന് കുടുംബത്തിന് ലഭിക്കേണ്ട ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷയിൽ തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | അപേക്ഷയിലെ ന്യൂനത കാരണം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അപേക്ഷ തിരികെ ജില്ലാ പട്ടികജാതി വികസന ഓഫീസിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ ന്യൂനത പരിഹരിച്ച് അപേക്ഷ ലഭ്യമാകാത്തതിനാൽ അപേക്ഷക സമർപ്പിച്ച പുതിയ അപേക്ഷ പരിഗണിച്ച് ശ്രീമതി. ഷൈലയ്ക്ക് ഏകവരുമാനദായകൻ മരണപ്പെട്ട (2/2018) കാലയളവിൽ അനുവദനീയമായിരുന്ന തുക അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ടി തുക അനുവദിക്കുന്നതാണ്.<br><br>ആദ്യ അപേക്ഷ ന്യൂനത പരിഹരിച്ച് ലഭ്യമാക്കാൻ കഴിയാത്തതിനാലാണ് കാലതാമസം നേരിട്ടത് എന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | 23.02.2018-ൽ ഹൃദയാഘാതത്താൽ മരണപ്പെട്ട രമേശന്റെ മരണത്തെ തുടർന്ന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസിലെ G6/5252/17നമ്പർ ഫയലിലും പട്ടികജാതി വികസന ഡയറക്ടർ ഓഫീസിലെ Dev.B2-3352/19 നമ്പർ ഫയലിലും നാളിതുവരെ തുക അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ Dev.B-3352/19 ഫയലിൽ നിന്നും അപേക്ഷയിലെ ന്യൂനത പരിഹരിക്കുന്നതിനായി അപേക്ഷ എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ തിരികെ അയച്ചിരുന്നു. ടി ഓഫീസിലെ G6/5252/17 നമ്പർ ഫയലിൽ അപേക്ഷയിലെ ന്യൂനത പരിഹരിച്ച് തുടർനടപടി കാലതാമസം വന്നതിനാൽ ന്യൂനത പരിഹരിച്ച് അപേക്ഷക സമർപ്പിച്ച പുതിയ അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയും ശ്രീമതി. ഷൈലയ്ക്ക് ഏകവരുമാനദായകൻ മരണപ്പെട്ട (2/2018) കാലയളവിൽ അനുവദനീയമായിരുന്ന ധനസഹായം അനുവദിച്ച് സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി തുക ലഭ്യമാകുന്നതാണ്. |
| (സി) | സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പ്രസ്തുത കുടുംബത്തിന്റെ ദയനീയാവസ്ഥ പരിഗണിച്ച് അവർക്കുള്ള ധനസഹായം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഈ തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ Dev.B-3352/19 ഫയലിൽ നിന്നും അപേക്ഷയിലെ ന്യൂനത പരിഹരിക്കുന്നതിനായി അപേക്ഷ എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ തിരികെ അയച്ചിരുന്നു. ടി ഓഫീസിലെ G6/5252/17 നമ്പർ ഫയലിൽ അപേക്ഷയിലെ ന്യൂനത പരിഹരിച്ച് തുടർനടപടി കാലതാമസം വന്നതിനാൽ ന്യൂനത പരിഹരിച്ച് അപേക്ഷക സമർപ്പിച്ച പുതിയ അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയും ശ്രീമതി. ഷൈലയ്ക്ക് ഏകവരുമാനദായകൻ മരണപ്പെട്ട (2/2018) കാലയളവിൽ അനുവദനീയമായിരുന്ന ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി തുക ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ